# 5. ഏഷ്യയിൽ സമാധാനത്തിന് ഗോർബച്ചേവിന്റെ മുൻകൈ

ശാന്തസമുദ്രത്തിന്റെയും ഇന്ത്യാസമുദ്രത്തിന്റെയും തീരങ്ങളിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള സംഘർഷത്തിൽ അയവുവരുത്തുന്നതിനും ആയുധ സജ്ജീകരണം കുറയ്ക്കുന്നതിനും സമാധാനപൂർണമായ സഹവർത്തിത്വത്തിലൂടെ പുരോഗതി ഉറപ്പുവരുത്തുന്നതിനുമുള്ള മൂർത്തങ്ങളായ ചില നിർദേശങ്ങൾ, ജപ്പാൻ കടൽ തീരത്തുള്ള ശാന്തസമുദ്രത്തിലേക്ക് സോവിയറ്റ് യൂനിയന്റെ പ്രവേശന ഗോപുരം എന്നറിയപ്പെടുന്ന വ്ളദിവസ്റ്റോക്ക് നഗരത്തിൽവെച്ച് 1986 ജൂലൈ 28–ാം തീയതി സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറി ഗോർബച്ചേവ് മുന്നോട്ടുവെക്കുകയുണ്ടായി. ഈ നിർദേശങ്ങൾക്ക് വിശദങ്ങളായ ചില പൂർത്തീകരണങ്ങൾ 1986 നവംബർ 27–ാം തീയതി ഗോർബച്ചേവും രാജീവ് ഗാന്ധിയും ഒപ്പിട്ടു പ്രസിദ്ധീകരിച്ച ദില്ലി പ്രഖ്യാപനത്തിൽ അടങ്ങിയിരുന്നു. ഇപ്പോൾ സൈബീരിയയിലെ ക്രാസ്നോയാർസ്ക് നഗരത്തിൽവെച്ച് 1988 സെപ്തംബർ 18–ാം തീയതി ചെയ്ത ഒരു പ്രസംഗത്തിൽ ഗോർബച്ചേവ് തന്റെ ഏഷ്യൻ–പാസിഫിക് സമാധാനനിർദേശങ്ങൾ കുറെക്കൂടി വ്യക്തമായും ആകർഷകമായും അടിയന്തര സ്വഭാവത്തോടെയും ആവിഷ്കരിച്ചിരിക്കുന്നു. വ്ളദിവസ്റ്റോക്ക് നിർദേശങ്ങളെ അവഗണിച്ചതുപോലെ ക്രാസ്നോയാർസ്ക് നിർദേശങ്ങളെയും പുച്ഛിച്ചുതള്ളാൻ, ഈ പ്രശ്നത്തിൽ താല്പര്യമുണ്ടാകേണ്ട അമേരിക്ക, ചൈന, ജപ്പാൻ, കൊറിയ മുതലായ രാഷ്ട്രങ്ങൾക്ക് സാധിക്കുമെന്നു തോന്നുന്നില്ല.

അതിദീർഘമാണ് സോവിയറ്റ് യൂനിയന്റെ ശാന്തസമുദ്രതീരം. അവിടെ ഏഷ്യൻ വൻകരയിലെ പല രാജ്യങ്ങളും സോവിയറ്റ് യൂനിയന്റെ അയൽക്കാരാകുന്നു. സോവിയറ്റ് യൂനിയന്റെ സമ്പദ്ഘടനയിൽ ഏഷ്യയിലുൾപ്പെട്ട സൈബീരിയയ്ക്കും വിദൂരപൂർവ റഷ്യയ്ക്കുമുള്ള പ്രാധാന്യം അവഗണിക്കാവുന്നതല്ല. സോവിയറ്റ് യൂനിയനിലെ എണ്ണയുടെയും ഗ്യാസിന്റെയും മൂന്നിൽ രണ്ടു ഭാഗവും കല്ക്കരിയിൽ 40 ശതമാനത്തിലേറെയും വൈദ്യുതിയിൽ 20 ശതമാനവും മരത്തടിയിൽ 37 ശതമാനവും ഭക്ഷ്യവിഭവങ്ങളിലും ഖനിജങ്ങളിലും വളരെ വലിയ ഒരു പങ്കും ഈ പ്രദേശത്താണ് ഉണ്ടാവുന്നതു്. അതിനാൽ, സോവിയറ്റ് യൂനിയന് അതിന്റെ ഏഷ്യൻ പ്രദേശം വിലപ്പെട്ടതാണ്; ഈ മേഖലയിൽ സമാധാനം പുലരേണ്ടതു് വലിയൊരു ആവശ്യവും.

ഏഷ്യയിലെ പല രാഷ്ട്രങ്ങളിലും ത്വരിതമായ സാമ്പത്തികവികസനം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഒപ്പം ജനസംഖ്യ ഇവിടങ്ങളിൽ കുതിച്ചുകയറുന്നു. മനുഷ്യവർഗത്തിന്റെ വലിയൊരു ഭാഗം പാർക്കുന്നതു് ഇവിടെയാണ്. ലോകസമാധാനത്തിനും പുരോഗതിക്കും ഗണ്യമായ സംഭാവന നൽകാൻ ശാന്തസമുദ്രത്തിന്റെയും ഭാരതമഹാസമുദ്രത്തിന്റെയും തീരങ്ങളിലെ രാഷ്ട്രങ്ങൾക്ക് വിപുലമായ സാദ്ധ്യതകളുണ്ട്. ഈ പ്രദേശത്തു് ചരിത്രത്തിന്റെ അനിവാര്യമായ പ്രവാഹത്തിനിടയ്ക്കു് വന്നുചേർന്നിട്ടുള്ള സംഘർഷത്തിന്റെയും പരസ്പരം കണ്ണുരുട്ടലിന്റെയും സൈന്യവൽക്കരണത്തിന്റെയും കടുംകെട്ടുകൾ അഴിച്ചുകളയുന്നതിനാണ് സോവിയറ്റ് യൂനിയൻ ഇപ്പോൾ പ്രാഥമ്യം നൽകിയിട്ടുള്ളതു്. ഗോർബച്ചേവിന്റെ നിർദേശങ്ങളുടെ ലക്ഷ്യവും മറ്റൊന്നല്ല.

സോവിയറ്റ് യൂനിയന്റെ കിഴക്കേ അതിർത്തി, മുമ്പു പറഞ്ഞതുപോ

ലെ വളരെ നീണ്ടതാണ്; അതിന്റെ സംരക്ഷണത്തിൽ ആ രാജ്യത്തിന് സ്വാഭാവികമായി താല്പര്യമുണ്ട്. പക്ഷേ, ആയുധപ്പന്തയത്തിലൂടെയല്ലാതെ രാഷ്ട്രീയവും സാമ്പത്തികവുമായ സംവിധാനങ്ങളിലൂടെ, വൈരത്തിന്റെയും സംശയത്തിന്റെയും അവിശ്വാസത്തിന്റെയും അന്തരീക്ഷം അകററി സമാധാനപരമായ സഹവർത്തിത്വത്തിന്റെ അടിസ്ഥാനത്തിൽ ഈ അതിർത്തിയുടെ സുരക്ഷ ഉറപ്പുവരുത്താനാണ് സോവിയററ് യൂനിയൻ ആഗ്രഹിക്കുന്നത്. ഇതിനായി, ഈ പ്രദേശത്തുള്ള ഒട്ടെല്ലാ രാഷ്ട്രങ്ങളുമായും സോവിയററ് യൂനിയൻ പല തലങ്ങളിൽ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

ഏഷ്യൻ–ശാന്തസമുദ്ര പ്രദേശത്ത് രാഷ്ട്രീയാന്തരീക്ഷം ത്വരിതമായി മാറിക്കൊണ്ടിരിക്കുകയാണ്. പരസ്പരധാരണയിലൂടെ സ്വന്തം അതിർത്തിരക്ഷ ഭദ്രമാക്കുന്നതിനുള്ള താല്പര്യം ഈ പ്രദേശത്തെ രാഷ്ട്രങ്ങൾക്കിടയിൽ വളർന്നുവരുന്നു. ചേരിചേരാപ്രസ്ഥാനം ഈ രാഷ്ട്രങ്ങളിൽ സ്വാധീനമാർജിച്ചുകൊണ്ടിരിക്കുകയാണ്.

ഏഷ്യയിൽ പൊതുവെ സംഘർഷത്തിന് അയവുവന്നുകൊണ്ടിരിക്കുന്നു. അഫ്ഗാൻ പ്രശ്നം പരിഹാരത്തോട് അടുത്തെത്തിക്കഴിഞ്ഞു. ഇറാൻ–ഇറാഖ് യുദ്ധം നിലച്ചിരിക്കുന്നു. കമ്പൂച്ചിയയിലും പ്രശ്നപരിഹാരം വിദൂരമല്ലെന്നു പറയാം. തെക്കും വടക്കും കൊറിയകൾ പരസ്പരം അടുക്കാൻ ആഗ്രഹിക്കുന്നു. ഇക്കാര്യങ്ങളിലൊക്കെ ഐക്യരാഷ്ട്രസംഘടനയുടെ പങ്കു വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നത് മറെറാരു ആശാവഹമായ വസ്തുതയത്രെ.

ചൈന, ആസ്ത്രേലിയ, ആസിയാൻ രാജ്യങ്ങൾ (ഇൻഡോനേഷ്യ, സിംഗപ്പൂർ, മലേഷ്യ, ഫിലിപ്പൈൻസ്, തായ്‌ലാൻഡ്, ബ്രൂണെ), ജപ്പാൻ എന്നീ രാഷ്ട്രങ്ങളുമായി സോവിയററ് യൂനിയൻ അർത്ഥഗർഭങ്ങളായ ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സംഘർഷങ്ങൾ ലഘൂകരിക്കലും ആയുധങ്ങൾ കുറയ്ക്കലും സഹകരണം വർദ്ധിപ്പിക്കലുമാണ് ഇവയുടെയെല്ലാം ലക്ഷ്യം.

ഏഷ്യൻ–പാസിഫിക് പ്രദേശത്തെ സംബന്ധിച്ച കാര്യങ്ങളിൽ അമേരിക്ക, അതിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പിനും രാഷ്ട്രീയവും സാമ്പത്തികവുമായ സാദ്ധ്യതകൾക്കും അനുസൃതമായ വിധത്തിൽ, പങ്കെടുക്കണമെന്നു തന്നെയാണ് സോവിയററ് യൂനിയന്റെ ആഗ്രഹം. പക്ഷേ, അമേരിക്കയുടെ ഈ പങ്കാളിത്തം നീതിക്കു നിരക്കുന്നതാവണം; വൻശക്തി അടവുകളും ശക്തിതന്ത്ര സൂത്രങ്ങളും അതിന്റെ ഘടകങ്ങളായിക്കൂടാ.

ഏഴ് വ്യക്തങ്ങളായ നിർദേശങ്ങൾ ഈ പശ്ചാത്തലത്തിൽ ഗോർബച്ചേവ് ക്രാസ്നോയാർസ്ക് പ്രസംഗത്തിൽ മുന്നോട്ടു വെച്ചിരിക്കുന്നു.

1. ഏഷ്യൻ–പാസിഫിക് രാഷ്ട്രങ്ങളുടെ ആശങ്കയെ മാനിച്ച് സോവിയററ് യൂനിയൻ ഈ പ്രദേശത്ത് അണ്വായുധങ്ങൾ വർദ്ധിപ്പിക്കുകയില്ല. അമേരിക്കയും മററ് അണുശക്തികളും (ചീന–ഫ്രാൻസ്) ഈ പ്രദേശത്ത് അണ്വായുധങ്ങൾ വർദ്ധിപ്പിക്കരുതെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

2. ഈ പ്രദേശത്തിലെ മുഖ്യ നാവികശക്തികളോട്, ഇവിടെ നാവികശക്തി വർദ്ധിപ്പിക്കാതിരിക്കാൻവേണ്ടി കൂടിയാലോചനകൾ നടത്തണമെന്ന് സോവിയററ് യൂനിയൻ നിർദേശിക്കുന്നു.

3. സോവിയററ് യൂനിയൻ, ചീന, ജപ്പാൻ, വടക്കേ കൊറിയ, തെക്കേ കൊറിയ എന്നീ രാഷ്ട്രങ്ങളുടെ കടൽത്തീരങ്ങൾ ഒത്തുചേരുന്ന പ്രദേശത്ത് സൈനിക–അഭിമുഖീകരണം കുറച്ചു കൊണ്ടുവരുന്നതിനായി ഇപ്പോഴുള്ള കപ്പൽപ്പടകളെയും വിമാനപ്പടകളെയും മരവിപ്പിക്കുന്നതും ആനുപാതികമായി കുറയ്ക്കുന്നതും സംബന്ധിച്ച് ബഹുരാഷ്ട്ര–അടിസ്ഥാനത്തിൽ കൂടിയാലോചനകൾ നടത്തണമെന്ന് സോവിയററ് യൂനിയൻ ആവശ്യപ്പെടുന്നു.

4. ഫിലിപ്പൈൻസിലുള്ള പട്ടാളത്താവളങ്ങൾ വേണ്ടെന്നുവെക്കാൻ അമേരിക്ക തയ്യാറാകുമെങ്കിൽ സോവിയററ് യൂനിയൻ വിയററ്നാം സർക്കാരു

മായി കൂടിയാലോചന നടത്തി വിയറ്റ്നാമിന്റെ തീരത്തു് കാംറാൻ ഉൾക്കടലിലുള്ള സോവിയറ്റ്നാവികപ്പടയുടെ വിഭവ–സാങ്കേതിക–സപ്ലൈ കേന്ദ്രം വേണ്ടെന്നുവെക്കാൻ തയ്യാറാണു്.

5. സോവിയറ്റ് യൂനിയൻ, അമേരിക്ക, ബ്രിട്ടൺ, ജപ്പാൻ എന്നീ രാജ്യങ്ങൾക്കിടയിൽ ഇപ്പോൾത്തന്നെ നിലവിലുള്ള കരാറുകളുടെ അടിസ്ഥാനത്തിൽ ഈ പ്രദേശത്തു് കടലിലും ആകാശത്തുമുള്ള ഗതാഗതം സുരക്ഷിതമാക്കുന്നതിനും കുഴപ്പങ്ങൾ ഉണ്ടാകാതെ നോക്കുന്നതിനും ആവശ്യമായ നടപടികൾ സംയുക്തമായി ആവിഷ്കരിക്കണമെന്നും സോവിയറ്റ് യൂനിയൻ അഭിപ്രായപ്പെടുന്നു.

6. ഭാരതമഹാസമുദ്രം ഒരു സമാധാനമേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള അന്താരാഷ്ട്രീയ സമ്മേളനം 1990–ാം മാണ്ടിനുമുമ്പു വിളിച്ചുകൂട്ടണമെന്നു് സോവിയറ്റ് യൂനിയൻ നിർദേശിക്കുന്നു. ഇതിനുള്ള പ്രാരംഭനടപടികൾ ഐക്യരാഷ്ട്രസംഘടന ചെയ്തുകഴിഞ്ഞിട്ടുണ്ടു്.

7. ഏഷ്യ–പാസിഫിക് പ്രദേശത്തിലെ സുരക്ഷയെപ്പറ്റിയുള്ള സോവിയറ്റ് നിർദേശങ്ങളും മറ്റു രാഷ്ട്രങ്ങളുടെ നിർദേശങ്ങളും അതാതു് തലത്തിൽ ചർച്ചചെയ്യണം. ഐക്യരാഷ്ട്ര സുരക്ഷാകൗൺസിലിലെ സ്ഥിരം അംഗങ്ങളായ സോവിയറ്റ് യൂനിയൻ, ചീന, അമേരിക്ക എന്നീ രാഷ്ട്രങ്ങൾക്കിടയിൽ ഈ ചർച്ച ഇപ്പോൾത്തന്നെ ആരംഭിക്കാവുന്നതാണു്.

ഈ നിർദേശങ്ങളോടൊപ്പം ക്രാസ്നോയാർസ്കിൽ ഇപ്പോഴുള്ള റഡാർ സ്റ്റേഷൻ ബാഹ്യാന്തരീക്ഷത്തെ സമാധാനപരമായ ആവശ്യങ്ങൾക്കു് ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ച അന്താരാഷ്ട്രീയ പഠനങ്ങൾക്കുള്ള ഒരു കേന്ദ്രമാക്കാമെന്ന നിർദേശവും ഗോർബച്ചേവ് മുന്നോട്ടുവെച്ചിരിക്കുന്നു. പല പാശ്ചാത്യവൃത്തങ്ങളും തത്വത്തിൽ അംഗീകരിച്ചുകഴിഞ്ഞിട്ടുള്ള 'ലോക–സ്പേസ് സംഘടന'യുടെ കീഴിലായിരിക്കും ഈ കേന്ദ്രം. ഈ പദ്ധതിയിൽ താല്പര്യമുള്ള എല്ലാ രാജ്യങ്ങളിലേയും ശാസ്ത്രജ്ഞന്മാരുമായി ചർച്ചനടത്താൻ സോവിയറ്റ് യൂനിയൻ തയ്യാറാണെന്നും ഗോർബച്ചേവ് പ്രഖ്യാപിച്ചിട്ടുണ്ടു്.

ഏഷ്യ–പാസിഫിക് പ്രദേശത്തെ നേരിടുന്ന വിപത്തു് ആയുധവൽക്കരണത്തിന്റേതുമാത്രമല്ല. നിയന്ത്രണാതീതമായ പരിസ്ഥിതി മലിനീകരണം ഈ പ്രദേശത്തിനൊരു ഭീഷണിയായിട്ടുണ്ടു്. ഇത്തരം പൊതുപ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനു് ഈ പ്രദേശത്തിലെ വിദഗ്ധന്മാരുടെ ഒരു സമ്മേളനം ഒരു തുടക്കമെന്ന നിലയിൽ വിളിച്ചുകൂട്ടാമെന്നു് ഗോർബച്ചേവ് നിർദേശിച്ചു. ഈ പ്രദേശത്തിലെ ജനതകളുടെ വർഗസംസ്കാരങ്ങൾ സംരക്ഷിക്കുക, പ്രകൃതിക്ഷോഭങ്ങൾക്കു് പ്രതിവിധി കണ്ടെത്തുക മുതലായവയും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താവുന്ന പ്രശ്നങ്ങളാണു്.

ഏഷ്യ–പാസിഫിക് പ്രദേശത്തു് പുതിയ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക മാർഗങ്ങൾ ചർച്ചചെയ്യുന്നതിനായി താൽപര്യമുള്ള രാഷ്ട്രങ്ങളിലെ വിദേശകാര്യ മന്ത്രിമാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടുന്നതു കൊള്ളാമെന്നാണു് ഗോർബച്ചേവിന്റെ മറ്റൊരു നിർദേശം.

അമേരിക്കയുടെ സഹകരണമില്ലാതെ ഈ രംഗത്തു് കാര്യമായ പുരോഗതി ഉണ്ടാവുകയില്ലെന്നു് പ്രത്യേകിച്ചു പറയേണ്ടതില്ല. റെയ്ഗൻ സ്ഥാനമൊഴിഞ്ഞു് പുതിയ ഒരു പ്രസിഡണ്ടു് സ്ഥാനാരൂഢനായിക്കഴിഞ്ഞശേഷമേ ഈ വിഷയത്തിൽ എന്തെങ്കിലും നടപടി അമേരിക്കയിൽനിന്നു് പ്രതീക്ഷിക്കേണ്ടു. അപ്പോൾത്തന്നെ മുമ്പുചെയ്തുവന്നതുപോലെ ഈ നിർദേശങ്ങളെയാകെ പ്രഥമദൃഷ്ടിയിൽത്തന്നെ അപര്യാപ്തങ്ങളെന്നു് അമേരിക്ക തള്ളിക്കളഞ്ഞുവെന്നും വരാം. പക്ഷേ, സോവിയറ്റ് യൂനിയനുമായുള്ള ബന്ധങ്ങൾ സാധാരണഗതിയിലാക്കാൻ ചീന കൂടുതൽ താൽപര്യം പ്രദർശിപ്പിച്ചുതുടങ്ങിയിട്ടുണ്ടു്. റഷ്യയും ചീനയും തമ്മിൽ അടുക്കുന്നതിനുണ്ടായിരുന്ന തടസ്സങ്ങൾ–അഫ്

ഘാനിസ്ഥാനിൽ റഷ്യൻ സാന്നിദ്ധ്യം വിയററ്നാമിന് സോവിയററ് യൂണിയൻ നൽകുന്ന സഹായം മംഗോളിയയിൽ റഷ്യൻ സേനയുടെ വിന്യാസം — ഓരോന്നായി നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ലോകത്തിലെ വ്യാവസായിക രാഷ്ട്രങ്ങളുടെ മുൻപന്തിയിലെത്തിക്കഴിഞ്ഞ ജപ്പാനു് സോവിയററ് യൂനിയനുമായുള്ള സാമ്പത്തികബന്ധങ്ങൾ ശക്തിപ്പെടുത്താനാഗ്രഹമുണ്ട്. പട്ടാളശക്തി വർദ്ധിപ്പിക്കാതെ ജപ്പാൻ വ്യാവസായിക രംഗത്തു് ശ്രദ്ധ കേന്ദ്രീകരിക്കണമെന്നാണ് ഗോർബച്ചേവ് പറയുന്നതു്. പാസിഫിക് പ്രദേശത്തിന്റെ സുരക്ഷിതത്വം സംബന്ധിച്ച് അമേരിക്ക ഏറെറടുത്തിട്ടുള്ള ബാദ്ധ്യതയിൽ ഒരു പങ്കുവഹിക്കുകയെന്നപേരിൽ സ്വന്തം സൈനികശക്തി ജപ്പാൻ വർദ്ധിപ്പിക്കുന്നതിൽ ഗോർബച്ചേവിനു് ആശങ്കയുണ്ട്. ഇപ്പോൾ റഷ്യയുടെ കൈവശമുള്ള നാലു് തെക്കൻ കുറൈൽ ദ്വീപുകളുടെമേൽ ജപ്പാൻ അവകാശം ഉന്നയിക്കുന്നുണ്ട്. ഇത്തരം വൈരുദ്ധ്യങ്ങൾ ഉണ്ടെങ്കിലും ജപ്പാനും സോവിയററ് യൂനിയനും തമ്മിൽ സഹകരണത്തിന്റെ മേഖലകൾ അടുത്തകാലത്തു് കൂടുതൽ വിപുലങ്ങളായിക്കൂടെന്നില്ല.

ഇതൊന്നും കണ്ടില്ലെന്നുവെക്കാൻ അമേരിക്കയ്ക്കു് കഴിയുകയില്ല. ഇന്ത്യ സ്വന്തം നാവികശക്തി വർദ്ധിപ്പിക്കുന്നതിനെതിരായി ഗോർബച്ചേവ് ഒന്നും പറഞ്ഞിട്ടില്ല. എന്നാലും അതിനു് തടസ്സമുണ്ടാക്കുന്നവയാണു് ഗോർബച്ചേവിന്റെ ചില നിർദേശങ്ങൾ. ഏഷ്യ-പാസിഫിക് പ്രദേശത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കൂടിയാലോചനകൾ അമേരിക്കയും ചൈനയും സോവിയററ്യൂനിയനും ചേർന്നു് ആരംഭിക്കുകയെന്ന നിർദേശവും ഇന്ത്യയ്ക്കു് സ്വീകാര്യമായേക്കുകയില്ല. കാരണം, ഇത്തരമൊരു കൂടിയാലോചനയിൽ ഇന്ത്യയുടെ സാന്നിദ്ധ്യം അനുപേക്ഷണീയമാണെന്ന ധാരണ ഇന്ത്യയ്ക്കുണ്ട്.

വിശദാംശങ്ങളിൽ ചർച്ചചെയ്യപ്പെടേണ്ട പലതുമുണ്ടെങ്കിലും ഏഷ്യ-പാസിഫിക് പ്രദേശത്തു് സമാധാനം പുലർത്തുന്നതിനുള്ള ഗോർബച്ചേവിന്റെ നിർദേശങ്ങൾ തീർച്ചയായും ലോക നയതന്ത്രത്തിൽ ധീരമായ ഒരു പുതിയ കാൽവെപ്പാണു്. ഈ നിർദേശങ്ങളെപ്പററി വ്യാപകങ്ങളായ ചർച്ചകൾ എല്ലാ രാഷ്ട്രങ്ങളിലും നടക്കേണ്ടതുണ്ട്.

സുദീർഘമായ ക്രാസ്നോയാർസ്ക് പ്രസംഗം ഗോർബച്ചേവ് ഉപസംഹരിച്ചതു് ഇങ്ങനെയാണു്:

'ഈ ഗോളത്തിന്റെ ഓരോ പ്രഭാതവും കിഴക്കു് ആരംഭിക്കുന്നു. ആലങ്കാരികമായി പറഞ്ഞാൽ ഓരോ പ്രഭാതവും പിറക്കുന്നതു് ഇവിടെനിന്നു് ഏറെ ദൂരെയല്ലാത്ത ശാന്തസമുദ്രത്തിന്റെ അലകളിലാണു്.'

സമാധാനത്തിലും സഹകരണത്തിലും അധിഷ്ഠിതമായ ഒരു പുതിയ ലോകക്രമത്തിന്റെ പ്രഭാതം ശാന്തസമുദ്രത്തിന്റെ അലകളിൽ പിറന്നുകൂടെന്നില്ല.

(24 ഒക്ടോബർ, 1988)

# 6. ഗോർബച്ചേവ് രണ്ടാമതും ഇന്ത്യയിൽ

1986 നവംബറിൽ സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ മിഖായിൽ ഗോർബച്ചേവ് ഇന്ത്യ സന്ദർശിക്കുകയുണ്ടായി. ആ സന്ദർശനത്തിനിടയിൽ, നവംബർ 27-ാം തീയതി ഗോർബച്ചേവും ഇന്ത്യയിലെ പ്രധാനമന്ത്രി രാജീവ്ഗാന്ധിയും ഒപ്പിട്ട ദില്ലി പ്രഖ്യാപനം അന്താരാഷ്ട്രബന്ധങ്ങളിൽ നീതിനിഷ്ഠമായ ഒരു പുനസ്സംവിധാനത്തിനു് ആവശ്യപ്പെടുന്ന സുപ്രധാനമായ ഒരു രേഖയായിരുന്നു. അതിന്റെ ഒരു പൂരകം എന്ന നില